കേരള കാർഷിക സർവ്വകലാശാല
മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, വയനാട്
ഫോൺ: **04936 260421 & 260561**

നമ്പർ. ഇ. 1908/2020 (b) തീയതി. 18.01.2021

## <u>പുനർ ദർഘാസ്/ലേല പരസ്യം</u>

ഈ കേന്ദ്രത്തിൽ 2019- 2020 കാലയളവിൽ ഉൽപാദിപ്പിച്ച താഴെ പറയുന്ന ഉൽപ്പന്നങ്ങൾ ദർഘാസ്/പൊതുലേലം വഴി വിപണനം നടത്തുന്നതിന് **<u>04.02.2021 രാവിലെ 11.30</u>** മണിക്ക് നടക്കുന്ന പൊതുലേലം /ദർഘാസിൽ വെച്ച് വിപണനം നടത്തുന്നതാണ്. താൽപ്പര്യമുള്ളവരിൽ നിന്നും മുദ്രവെച്ച ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **വിൽപ്പനയ്ക്കുള്ള ഉൽപ്പന്നങ്ങളും, തൂക്കവും** | **EMD (%) നിരത ദ്രവ്യം** | **ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും** | **ടെൻഡർ വില ( നികുതി ഉൾപ്പെടെ)** |
|---|---|---|---|
| കാപ്പിക്കുരു – 20927.700Kg | **15,000/-** | **04.02.2021 11 am** | 2,655/- |
| കുരുമുളക് – 2527.2 Kg | **10,000/-** | **04.02.2021, 11 am** | 2,124/- |

<u>നിബന്ധനകൾ</u>

1. **അസോസിയേറ്റ് ഡയറക്ടർ, RARS, അമ്പലവയൽ** എന്ന വിലാസത്തിൽ **<u>04.02.2021 ന് രാവിലെ 11.00</u>** മണിക്ക് മുമ്പ് നിർദ്ദിഷ്ട ഫോറത്തിൽ ദർഘാസുകൾ നേരിട്ടോ, തപാൽ വഴിയോ നൽകേണ്ടതാണ്.

   **11.30** മണിക്ക് ദർഘാസുകൾ തുറക്കുന്നതാണ്. ദർഘാസുകൾ അടക്കം ചെയ്ത, സീലുവച്ച കവറിനുപുറത്ത് **കാപ്പിക്കുരു/ കുരുമുളകിനുള്ള പൂനർ ലേലം/ദർഘാസ്** എന്ന് എഴുതിയിരിക്കേണ്ടതാണ്. ഓരോ ഉത്പ്പന്നത്തിനും പ്രത്യേകം പ്രത്യേകം ടെൻഡറും, നിരതദ്രവ്യവും നൽകേണ്ടതാണ്.
2. ടെൻഡറിനോടൊപ്പം 200/ രൂപ കരാറും ഹാജരാക്കേണ്ടതാണ്.
3. ലേലം/ടെൻഡറിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നിരതദ്രവ്യം അസോസിയേറ്റ് ഡയറക്ടർ, RARS, അമ്പലവയൽ എന്ന പേരിൽ State Bank of India, Kolagappara ശാഖയിൽ മാറാവുന്ന ഡി.ഡി അടച്ച് ലേലം/ടെൻഡറിൽ പങ്ക് കൊണ്ടേഉളതാണ്.
4. നിർദ്ദിഷ്ട സമയത്തിന് ശേഷം ലഭിക്കുന്നതും, നിരതദ്രവ്യം സമർപ്പിക്കാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല.
5. ദർഘാസ് സമർപ്പിക്കുന്നവർ ദർഘാസിൽ പേര്, ഒപ്പ്, മേൽവിലാസം, പാൻ, ടിൻ നമ്പർ എന്നിവ വ്യക്തമായി എഴുതിയിരിക്കണം.
6. തങ്ങളുടെ മേൽവിലാസം അടങ്ങിയ തിരിച്ചറിയൽ സംബന്ധിച്ച രേഖകൾ ഹാജരാക്കേ താണ്.
7. **ഒരു കിലോഗ്രാം ഉൽപ്പന്നത്തിന്റെ വിലയാണ് ടെൻഡറിർ കാണിക്കേണ്ടത്.**
8. വിലയ്ക്കു പുറമെ **5 %** വിൽപ്പന നികുതി കൂടി അത് വാങ്ങുന്നയാളിൽ നിന്നും ഈടാക്കുന്നതാണ്.
9. ദർഘാസ് സമർപ്പിക്കുന്നതിനുമുമ്പ് വിപണനത്തിനുള്ള സാധനങ്ങൾ പരിശോധിക്കാവുന്നതാണ്.
10. ദർഘാസ് സമർപ്പിച്ചവർക്ക് ഒരിക്കൽകൂടി അവസരം ലഭിക്കുന്നതിനായി അപ്പോൾ ഹാജരുള്ള ദർഘാസുകാരെ മാത്രം ഉൾപ്പെടുത്തി അന്നേ ദിവസം ആവശ്യമെങ്കിൽ ലേലവും നടത്തുന്നതാണ്.

11. ടെൻഡറിലോ/ പരസ്യ ലേലത്തിലോ ഏതാണ് കൂടുതൽ വില ലഭ്യമാക്കുന്നതെന്ന് കണക്കിലെടുത്തും ,സ്ഥാപന മേലധികാരിക്ക് യുക്തമെന്ന് ബോധ്യപ്പെടുന്നപക്ഷവും മാത്രം ടെൻഡർ/ലേലം സ്ഥിരപ്പെടുത്തുന്നതാണ്.

12. ദർഘാസ്/ ലേലം ഉറപ്പിച്ചു കഴിഞ്ഞാൽ ലേലം കൊ മൊത്തം ഉല്പന്നത്തിന്റെ വിലയുടെ **1/3** (മൂന്നിൽ ഒരു ഭാഗം) അപ്പോൾ തന്നെ ദർഘാസ്/ ലേലം കൊ യാൾ ഓഫീസിൽ അടയ്ക്കേണ്ടതാണ്. ദർഘാസ്/ലേലം ഉറപ്പിച്ച തുകയുടെ ബാക്കി ഭാഗം **15** (പതിനഞ്ച്) ദിവസത്തിനകം വിൽപ്പന നികുതി അടക്കം ഓഫീസിൽ അടച്ച് സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം നിരതദ്രവ്യം യൂണിവേഴ്സിറ്റിയിൽ മുതൽ കൂട്ടുന്നതും കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. രാവിലെ **10** മണി മുതൽ വൈകുന്നേരം **4** മണിവരെയുള്ള സമയത്ത് പ്രവൃത്തി ദിനങ്ങളിൽ മാത്രമേ ഉൽപ്പന്നം നീക്കം ചെയ്യുവാനും പാടുള്ളൂ. ഫാമിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ, സെക്യൂരിറ്റി ജീവനക്കാരുടെയോ അനുവാദത്തോടെ മാത്രമേ ഉൽപ്പന്നം സ്ഥാപനത്തിൽ നിന്നും നീക്കം ചെയ്യാൻ പാടുള്ളൂ. തൂക്കം നോക്കി, വില ഓഫീസിൽ അടച്ച രസീതി കാണിച്ച ശേഷം മാത്രമേ സാധനം കൊണ്ടുപോകാൻ അനുവദിക്കുകയുള്ളൂ.

13. കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങൾ സമയബന്ധിതമായി ഈ സ്ഥാപനത്തിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. ഇതിൽ വിഴ്ച വരുത്തുന്നപക്ഷം പുനർലേലം/ ദർഘാസ് നടത്തുന്നതും അതുകൊ ് സർവ്വകലാശാലക്കു ാകുന്ന എല്ലാ നഷ്ടവും ആദ്യലേലക്കാരനിൽ നിന്ന് ഈടാക്കുന്നതും, ഇതുമൂലം ലാഭമാണ് ഉ ാകുന്നതെങ്കിൽ അതിൽ ലേലക്കാരന് അവകാശം ഇല്ലാത്തതുമാണ്.

14. യാതൊരു കാരണവും കാണിക്കാതെ ലേലം/ ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും, നിർത്തിവയ്ക്കുന്നതിനും സ്റ്റേഷൻ മേധാവിക്കുള്ള അധികാരം യാതൊരു കാരണവശാലും ചോദ്യം ചെയ്യാൻ പാടില്ലാത്തതാകുന്നു.

15. ഏതെങ്കിലും കാരണവശാൽ ലേല തീയതി അവധി ദിവസമായി വരുന്നപക്ഷം അതിനടുത്ത പ്രവൃത്തി ദിവസം ലേലം/ ദർഘാസ് നടത്തുന്നതായിരിക്കും.

16. സർക്കാർ ദർഘാസ്/ലേലത്തിലെ എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്. എല്ലാ കരാർ വ്യവസ്ഥകളും പാലിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

17. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിനങ്ങളിൽ ഈ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

(ഒപ്പ്)
**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**

നോട്ടീസ് ബോർഡ്
പകർപ്പ് : വിതരണത്തിന്/ഫാം സൂപ്രണ്ട്/ഫാം മാനേജർ/അമ്പലവയൽ പഞ്ചായത്ത് ഓഫീസ്/കൃഷി ഭവൻ/വില്ലേജ് ഓഫീസ്/കെ.വി.കെ നോട്ടീസ് ബോർഡ്/ Director CITI (വെബ് സൈറ്റിൽ കൊടുക്കുവാൻ)

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

**കേരള കാർഷിക സർവ്വകലാശാല**
**മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, വയനാട്**
ഫോൺ: **04936 260421 & 260561**

നമ്പർ. ഇ. 1908/2020 (a) തീയതി. 14.08.2020

## കാപ്പി കുരുമുളക് ലേലം

ഈ കേന്ദ്രത്തിൽ ഉല്പാദിപ്പിച്ച ഏകദേശം 20927.700 കി.ഗ്രാം ഉണങ്ങിയ ഉ കാപ്പിയും 2527.2 കി.ഗ്രാം ഉണങ്ങിയ കുരുമുളകും ദർഘാസ്/പൊതുലേലം വഴി **07.09.2020** ന് വിപണനം ചെയ്യുന്നതാണ്. അന്നേ ദിവസം രാവിലെ 11.30 മണി മണിയ്ക്ക് മുൻപായി ക്വട്ടേഷനുകൾ അമ്പലവയൽ മേഖലാ കാർഷിക ഗവേഷണ കേന്ദ്രം അസ്സോസിയേറ്റ് ഡയറക്ടർ സമർപ്പിച്ചിരിക്കണം

**നിരതദ്രവ്യം**

ഉണങ്ങിയ കുരുമുളക്- 10,000/-
ഉണങ്ങിയ കാപ്പി - 15,000/-

(ഓരോന്നിനും അസ്സോസിയേറ്റ് ഡയറക്ടറുടെ പേരിലുള്ള ഡി.ഡി യായി മാത്രം) കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസുമായി ബന്ധപ്പെടുകയോ (04936-260421,260561) www.kau.edu/tenders എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

(ഒപ്പ്)
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്